# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :6385 08.07.2014-ൽ മറുപടിയ്ക്ക്

**കേരള പിറവിയുടെ 50-ാം വാർഷികവുമായി ബന്ധപ്പെട്ട് വച്ചുപിടിപ്പിച്ച മാന്തോപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. അജിത് | | | തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) | കേരള പിറവിയുടെ 50-ാം വാർഷികവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് വനം വകുപ്പിന്റെ നേതൃത്വത്തിൽ മാന്തോപ്പുകൾ ഉണ്ടാക്കിയിട്ടുണ്ടോ ; എങ്കിൽ വച്ചുപിടിപ്പിച്ച മാന്തോപ്പുകളിൽ എത്രയെണ്ണം എത്ര ജില്ലകളിൽ അവശേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | എ) | കേരള പിറവിയുടെ 50-ാം വാർഷികവുമായി ബന്ധപ്പെട്ട് സാമൂഹ്യവനവൽക്കരണ വിഭാഗത്തിനു കീഴിൽ മലപ്പുറം സോഷ്യൽ ഫോറസ്ട്രി ഡിവിഷനു കീഴിൽ നിലമ്പൂർ സൗത്ത് ഡിവിഷൻ ഓഫീസ് വളപ്പിൽ 50 കാട്ടുമാവിൻ തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. എറണാകുളം, തൃശൂർ എന്നീ ജില്ലകളിൽ ഓരോ മാന്തോപ്പുകൾ വച്ചുപിടിപ്പിക്കുകയും, ആയവ അവശേഷിക്കുന്നുമുണ്ട്. നിലമ്പൂർ സൗത്ത് ഡിവിഷനിൽ 35 മാവിൻ തൈകൾ അവശേഷിക്കുന്നുണ്ട്. |
| ബി) | മാന്തോപ്പുകളുടെ തുടർ പരിപാലന പ്രവൃത്തികൾ വനം വകുപ്പ് നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഓരോ ജില്ലകളിലും ഇതിനായി ചെലവഴിച്ച തുക വർഷം തിരിച്ച് വ്യക്തമാക്കുമോ ; | ബി) | തൃശൂർ ജില്ലയിലെ മാന്തോപ്പിന്റെ പരിപാലനം പഞ്ചായത്ത് അധികൃതരാണ് നടത്തുന്നത്. എറണാകുളം ജില്ലയിലെ മാന്തോപ്പിന്റെ തുടർപരിപാലനത്തിന് ഒരു വാച്ചറെ നിയോഗിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| വർഷം | ചെലവഴിച്ച തുക |
|---|---|
| 2007-08 | 17,000/- |
| 2008-09 | 18,500/- |
| 2009-10 | 19,000/- |
| 2010-11 | 21,000/- |
| 2011-12 | 22,000/- |
| 2012-13 | 28,088/- |
| 2013-14 | 16,804/- |

സി) ഓരോ ജില്ലകളിലും നട്ടുപിടിപ്പിച്ച മാവിൻതൈകളുടെ എണ്ണവും ഇപ്പോൾ എത്രയെണ്ണം വീതം അവശേഷിക്കുന്നുണ്ടെന്നും വെളിപ്പെടുത്തുമോ ;

സി) നട്ടുപിടിപ്പിച്ച മാവിൻതൈകളുടെ എണ്ണവും അതിൽ അവശേഷിക്കുന്ന മാവിൻതൈകളുടെ വിവരവും ചുവടെ ചേർക്കുന്നു.

| നട്ടുപിടിപ്പിച്ച മാവിൻ തൈകൾ (ജില്ല തിരിച്ച്) | | അവശേഷിക്കുന്ന മാവിൻ തൈകൾ |
|---|---|---|
| എറണാകുളം | - 100 | 90 |
| തൃശൂർ | - 60 | 55 |
| മലപ്പുറം | - 50 | 35 |

ഡി) മാന്തോപ്പുകളിൽ നട്ട മാവിൽ നിന്നും കായ്ഫലം ലഭിച്ചുതുടങ്ങിയിട്ടുണ്ടോ ;

ഡി) മാന്തോപ്പുകളിൽ നട്ട മാവിൽ നിന്നും കായ്ഫലം ലഭിച്ചുതുടങ്ങിയിട്ടില്ല.

ഇ) വനം വകുപ്പിന്റെ ഏതെങ്കിലും ജില്ലയിലെ മാന്തോപ്പിനായി കണ്ടെത്തിയ ഭൂമിയിൽ കൈയ്യേറ്റമുള്ള തായി കണ്ടെത്തിയിട്ടുണ്ടോ ;

ഇ) സാമൂഹ്യവനവൽക്കരണ വിഭാഗത്തിനുകീഴിൽ മാന്തോപ്പിനായി കണ്ടെത്തിയ ഭൂമിയിൽ കൈയ്യേറ്റം നടന്നതായി റിപ്പോർട്ടുകളൊന്നും ലഭിച്ചിട്ടില്ല.

എങ്കിൽ കൈയ്യേറ്റം
ഒഴിവാക്കുവാൻ നടപടികൾ
സ്വീകരിച്ചിട്ടുണ്ടോ യെന്നും;
എന്തെല്ലാം നടപടികളാണ്
സ്വീകരിച്ചതെന്നും
വ്യക്തമാക്കുമോ ?

സെക്ഷൻ ഓഫീസർ